മാവേലിക്കര മണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന്റെ പദ്ധതികൾ

42 (7339) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) 2013-14, 2014-15 കാലയളവിൽ മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് സാംസ്കാരിക വകുപ്പ് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) മാവേലിക്കര നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റശേഷം 2013-14 കാലയളവിൽ എ. ആർ. രാജരാജവർമ്മ സ്മാരക സമിതിക്ക് ഓഡിറ്റോറിയം നിർമ്മാണത്തിന് 8.5 ലക്ഷം രൂപയും നരേന്ദ്രപ്രസാദ് നാടക പഠന ഗവേഷണകേന്ദ്രത്തിന് ചുറ്റുമതിലും റിഹേഴ്സൽ ഹാളും നിർമ്മിക്കുന്നതിന് 5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ മാവേലിക്കര ബുദ്ധ മണ്ഡപത്തിന്റെ അടിയന്തര സംരക്ഷണ പണികൾക്കായി 2013-14 സാമ്പത്തിക വർഷം 3 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

കെ. രാഘവൻ മാസ്റ്റർക്ക് സ്മാരകം

43 (7340) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രശസ്ത സംഗീതജ്ഞനായിരുന്ന കെ. രാഘവൻ മാസ്റ്റർക്ക് ഉചിതമായ സ്മാരകം നിർമ്മിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭ്യമായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സ്മാരകം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തലശ്ശേരി സ്റ്റേഡിയത്തിന് സമീപം തലശ്ശേരി ടൂറിസം സർക്യൂട്ടിന്റെ ഭാഗമായി പണിത് പാതിവഴിയിൽ ഉപേക്ഷിച്ച നിലയിലുള്ള പാർക്കും പാർക്കിനകത്തെ കെട്ടിടവും രാഘവൻ മാസ്റ്ററുടെ സ്മാരകമായി വിട്ടുതരണമെന്ന് തലശ്ശേരി അഗ്രി-ഹോർട്ടികൾച്ചറൽ സൊസൈറ്റി പ്രമേയത്തിലൂടെ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയം ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly